ഉത്തരം

(എ) ഗവൺമെൻറ് യു.പി.എസ്. പേരാമ്പ്രയ്ക്ക് സ്ഥലം അക്വയർ ചെയ്യാനുള്ള വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ ലഭിച്ചിട്ടുണ്ട്.

(ബി) പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മലയാളികൾക്ക് വേണ്ടി വിദേശത്തുള്ള
അംഗീകൃത സ്കൂളുകൾ

537. [737] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളികൾക്കുവേണ്ടി വിദേശങ്ങളിൽ സർക്കാർ അംഗീകാരം കൊടുത്തിട്ടുള്ള സ്കൂളുകൾ ഉണ്ടോ; എങ്കിൽ എത്ര; എവിടെയെല്ലാം;

(ബി) കഴിഞ്ഞ വർഷവും ഈ വർഷവും ഈ സ്കൂളുകളിൽ ഓരോന്നിലും പഠിക്കുന്ന കുട്ടികൾ എത്ര വീതമാണ്;

(സി) സ്കൂളുകൾക്ക് അംഗീകാരം കൊടുക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഈ വ്യവസ്ഥകൾ അംഗീകരിക്കുന്ന എല്ലാ വിദേശങ്ങളിലുള്ള മലയാളം സ്കൂളുകൾക്കും അംഗീകാരം നൽകുമോ;

(ഇ) അംഗീകാരമുള്ള സ്കൂളുകൾക്ക് ഗവൺമെൻറ് സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം?

ഉത്തരം

(എ) അംഗീകൃത സ്കൂളുകൾ നിലവിലില്ല. എന്നാൽ ന്യൂ ഇൻഡ്യൻ സ്കൂൾ, റാസൽഖൈമ, യു.എ.ഇ., ന്യൂ ഇൻഡ്യൻ മോഡൽ സ്കൂൾ, ദുബയ്, യു.എ.ഇ. എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് കേരള സർക്കാർ നിർദ്ദേശിച്ച ചില നിബന്ധനകൾക്ക് വിധേയമായി കേരളത്തിലെ സ്കൂളുകളുടെ സിലബസ് പിൻതുടരാനും 1984 മാർച്ച് മാസം മുതലുള്ള എസ്. എസ്. എൽ.സി. പരീക്ഷയ്ക്കിരിക്കാനും അനുവാദം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇതുപോലുള്ള സ്കൂളിന് അംഗീകാരം കൊടുക്കുന്നതിന് പ്രത്യേകം വ്യവസ്ഥകളില്ല. എസ്.എസ്.എൽ.സി. പരീക്ഷ നടത്തുവാൻ നിഷ്കർഷിച്ച വ്യവസ്ഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) അപേക്ഷ ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(ഇ) സാമ്പത്തിക സഹായം നൽകുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ സ്കൂൾ
കെട്ടിടങ്ങളുടെ നിർമ്മാണം

538. [738] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ 1979-80 വർഷം മുതൽ മരാമത്ത് വകുപ്പിൻറെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഗവൺമെൻറ് യു.പി., ഹൈസ്കൂൾ

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

മന്ദിര നിർമ്മാണപ്രവർത്തനങ്ങളും പലതും മുടങ്ങിക്കിടക്കുകയാണെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പണി മുടങ്ങിക്കിടക്കുന്ന ആ സ്കൂളുകളുടെ ഒരു ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. യു.പി.എസ്., കുഴിവിള.
2. യു.പി.എസ്., കാരോട്.
3. കൊറ്റി ജി.എച്ച്.എസ്., മണക്കാട്.
4. ജി.എച്ച്.എസ്., കുളത്തൂർ.
5. ജി.എച്ച്.എസ്., ഞെക്കാട്.
6. ജി.എച്ച്.എസ്., കല്ലറ.
7. ജി.എച്ച്.എസ്., നെയ്യാറിൻകര.
8. യു.പി.എസ്., പെരുംകുളം.

(പണിമുടങ്ങി ആർബിട്രേഷൻ സ്റ്റേറേജിനോടടുത്ത സ്കൂളുകളാണിവ)

തോട്ടട പോളിടെക്നിക് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണി

539. [739] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തോട്ടട പോളിടെക്നിക്ക് ഹോസ്റ്റൽ വാസയോഗ്യമല്ലാത്ത സ്ഥിതിയിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഹോസ്റ്റൽ വാസയോഗ്യമാക്കാനാവശ്യമായ പണികൾ പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നൽകുന്നതാണ്.

യൂത്ത് ക്ലബ്ബുകൾ

540. [740] ശ്രീ. പി. സീതി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ തോറും യൂത്ത് ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ഗവ: തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര യൂത്ത് ക്ലബ്ബുകളാണ് ഇതുവരെ രൂപീകരിച്ചിട്ടുള്ളത് ;

(സി) ഏതെല്ലാം പഞ്ചായത്തുകളിൽ ;

(ഡി) യൂത്ത് ക്ലബ് രൂപീകരിക്കുന്നതിനുവേണ്ടി എന്തെല്ലാം സഹായ സഹകരണങ്ങളാണ് ഗവൺമെൻറ് നൽകുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly